# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 191

23-01-2014-ൽ മറുപടിക്ക്.

## എഫ്.എ.സി.റ്റി. നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്.ശർമ്മ<br>ശ്രീ. എളമരം കരീം<br>ശ്രീ. സാജു പോൾ<br>ശ്രീ. ബി.ഡി.ദേവസ്സി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) എഫ്.എ.സി.റ്റി. നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ ; | (എ) ഉണ്ട്. നാഫ്തയുടെ / പുനർവാതകമാക്കിയ ദ്രവീകൃത പ്രകൃതിവാതകത്തിന്റെ (ആർ.എൽ.എൻ.ജി) വളരെ ഉയർന്ന വില, പ്രവർത്തന മൂലധനത്തിന്റെ കുറവ്, വർദ്ധിച്ച പലിശ ഭാരം, കാപ്രോലാക്ടം പ്ലാന്റ് അടച്ചിട്ടത് തുടങ്ങിയ വിവിധ കാരണങ്ങളാലാണ് ഫാക്ടിനു നഷ്ടം നേരിടേണ്ടി വരുന്നത്.<br><br>ഫാക്ട് കേന്ദ്ര സർക്കാരിന് ഒരു സാമ്പത്തിക രക്ഷാപാക്കേജ് സമർപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ സജീവ പരിഗണനയിലുള്ള ഈ പാക്കേജ് എത്രയും വേഗം അനുവദിച്ചു കിട്ടുമെന്നാണ് പ്രതീക്ഷ. വിലയേറിയ ആർ.എൽ.എൻ.ജി ഉപയോഗിക്കുന്നതിനാൽ, മറ്റു കമ്പനികളുമായി ഒരു തുലനാവസ്ഥ ലഭിക്കുന്നതിനായി പ്രത്യേക നഷ്ടപരിഹാരം കമ്പനി അഭ്യർത്ഥന നടത്തിയിട്ടുണ്ട്. ആർ.എൽ.എൻ.ജി.യ്ക്ക് മേലുള്ള മൂല്യ വർദ്ധിത നികുതി (വാറ്റ്) ഒഴിവാക്കിത്തരണമെന്ന് സംസ്ഥാന സർക്കാരിനോടും ഫാക്ട് അഭ്യർത്ഥിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച രീതിയിലുള്ള പാക്കേജ് ലഭിച്ചുകഴിഞ്ഞാൽ കമ്പനിയുടെ പ്രവർത്തനം ലാഭകരമാകും. |
| (ബി) കേന്ദ്രസർക്കാരിന്റെ നയം മൂലം രാസ വളത്തിനുള്ള സബ്സിഡി വെട്ടിക്കുറച്ചത് ഫാക്ടിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുള്ളതായി കരുതുന്നുണ്ടോ ; | (ബി) 01/04/2010 മുതൽ ഫോസ്ഫേറ്റ് വളങ്ങളുടെ സബ്സിഡി സമ്പ്രദായം പോഷകമൂലകത്തിന്റെ അടിസ്ഥാനത്തിലാക്കി. അമോണിയം സൾഫേറ്റും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ സബ്സിഡി നയത്തിനു കീഴിൽ, വളത്തിന് നിശ്ചിത വിലയും വ്യത്യസ്തമായ സബ്സിഡിയും |

എന്ന പഴയനില മാറി നിശ്ചിത സബ്സിഡിയും വ്യത്യസ്തമായ വിലയും എന്ന സ്ഥിതി സംജാതമായി. ദക്ഷിണേന്ത്യയിൽ പ്രകൃതിവാതകം ലഭ്യമല്ലാത്തതിനാൽ, ഫാക്ട് വളം നിർമ്മാണത്തിന് വിലയേറിയ നാഫ്ത / ആർ.എൽ.എൻ.ജി.യാണ് ഉപയോഗിക്കുന്നത്. ഇവ രണ്ടിനും പ്രകൃതിവാതകത്തേക്കാൾ വില കൂടുതലാണ്. പോഷക മൂലകങ്ങളുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന സബ്സിഡിക്കു പുറമേ, ഫാക്ട് പോലുള്ള ചില സ്ഥാപനങ്ങൾക്ക് 30/062013 വരെ നാഫ്തയ്ക്കുള്ള നഷ്ടപരിഹാരം എന്ന നിലിൽ ഒരു പ്രത്യേക നഷ്ടപരിഹാരവും കേന്ദ്ര സർക്കാർ നൽകി വന്നു. 30/06/2013 ന് ശേഷവും ഈ പ്രത്യേക നഷ്ടപരിഹാരം തുടരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഫാക്ട് സമർപ്പിച്ച അപേക്ഷ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

2013 ഒക്ടോബർ മുതൽ ഫാക്ടിന്റെ പ്ലാന്റുകൾ ആർ.എൽ.എൻ.ജി.യിലേക്ക് മാറുകയുണ്ടായി. എന്നാൽ ആർ.എൽ. എൻ.ജി.യുടെ വില പ്രകൃതിവാതകത്തിന്റേതിനേക്കാൾ വളരെ കൂടുതലാണ്. ഉയർന്ന വിലയ്ക്ക് പുറമെ 14.5% കേരള മൂല്യവർദ്ധിത നികുതിയും നൽകേണ്ടി വരുന്നു. ആർ.എൽ.എൻ.ജി.യുടെ ഉയർന്ന വിലയുടെ കാര്യത്തിൽ പ്രത്യേക സഹായം വേണമെന്ന് ഫാക്ട് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ഫാക്ടിന്റെ പ്രതിസന്ധി പരിഗണിക്കുന്നതിന് 2008ൽ കേന്ദ്ര സർക്കാർ നിയോഗിച്ച കൺസൾട്ടന്റിന്റെ നിഗമനങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) കേന്ദ്രസർക്കാരിന്റെ നിർദ്ദേശ പ്രകാരം, ഡിലോയ്റ്റ് തോച്ചെ തോഹ്മാട്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി ഫാക്ട് നിയമിച്ചിരുന്നു. ഇവയുടെ പ്രധാന ശുപാർശകൾ താഴെ കൊടുക്കുന്നു.

(i) സബ്സിഡിയുടെ കാര്യത്തിൽ സൾഫറും ഒരു പോഷകമൂലകമായി അംഗീകരിച്ച് താരിഫ് കമ്മീഷൻ ശുപാർശകൾ നടപ്പാക്കുക.

(ii) അമോണിയം സൾഫേറ്റിന്റെ വിലയിൽ കൺസഷൻ / സബ്സിഡി അനുവദിക്കുക.

(iii) 450 കോടി രൂപ പ്രവർത്തന മൂലധനം നൽകുക.

(iv) സബ്സിഡി കാലവിളംബരം കൂടാതെ നൽകുക.

(v) പ്രകൃതിവാതക ലഭ്യത ഉറപ്പു വരുത്തുക.

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എന്തെല്ലാം ആനുകൂല്യങ്ങൾ ഫാക്ടിന് നൽകുകയുണ്ടായി ;

(ഡി) കൺസൾട്ടന്റിന്റെ ശുപാർശകൾ നടപ്പാക്കിയതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(i) സബ്സിഡിക്കു വേണ്ടി സൾഫറും പോഷകമൂലകമായി അംഗീകരിക്കണം എന്ന താരിഫ് കമ്മീഷൻ ശുപാർശ 2008 ഏപ്രിൽ മുതൽ നടപ്പിലാക്കി.

(ii) അമോണിയം സൾഫേറ്റിന്റെ വിലയിൽ കൺസഷൻ / സബ്സിഡി നൽകണം എന്ന ശുപാർശ 2008 ജൂലൈ മുതൽ നടപ്പിലാക്കി.

(iii) 450 കോടി രൂപ പ്രവർത്തന മൂലധനം നൽകമെന്ന ശുപാർശ നടപ്പിലാക്കിയിട്ടില്ല.

(iv) ഇപ്പോൾ സബ്സിഡി ഓരോ മാസവും ലഭിക്കുന്നുണ്ട്.

(v) ആർ.എൽ.എൻ.ജി ഇപ്പോൾ ലഭ്യമാണെങ്കിലും, പ്രകൃതിവാതകത്തെ അപേക്ഷിച്ച് വില വളരെ കൂടുതലാണ്. ആർ.എൽ.എൻ.ജി.യ്ക്ക് കേന്ദ്ര സർക്കാരിൽ നിന്ന് പ്രത്യേകം നഷ്ട പരിഹാരം നൽകുകയും സംസ്ഥാന സർക്കാർ വാറ്റ് ഒഴിവാക്കുകയും ചെയ്താൽ മാത്രമേ ഫാക്ടിന് ആർ.എൽ.എൻ.ജി ഉപയോഗിക്കുവാൻ കഴിയൂ. ഈ വസ്തുത പരിഗണിച്ച് ഫാക്ട് വാങ്ങുന്ന എൽ.എൻ.ജി.യ്ക്ക് വാറ്റ് ഒഴിവാക്കുന്ന കാര്യം പരിശോധിക്കുന്നതിനായി സംസ്ഥാന സർക്കാരിന് ഒരു അപേക്ഷ സമർപ്പിക്കുവാൻ 27/11/2013-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇതിന്റെ തുടർ നടപടികൾ നടന്നുവരുന്നു.

| | | | |
|---|---|---|---|
| (ഇ) | നാഫ്തക്ക് പകരം പ്രകൃതി വാതകമു പയോഗിക്കുമ്പോൾ ഉല്പാദനനഷ്ടം ഇല്ലാതാകുമെന്ന സ്ഥിതി ഇപ്പോൾ ഉണ്ടോ; | (ഇ) | ആർ.എൽ.എൻ.ജി.യുടെ വില വളരെ കൂടുതലാകയാൽ, ഇതുപയോഗിച്ച് ഫാക്ടിന് ഉല്പാദനം ലഭാകരമായി നടത്തിക്കൊണ്ടു പോകുവാൻ കഴിയില്ല. വാറ്റും വളരെ കൂടുതലാണ്. ഈ രണ്ടു കാരണങ്ങ ളാൽ ആർ.എൽ.എൻ.ജി.യുടെ ഉപയോഗം ഫാക്ടിന് ഗുണം ചെയ്തിട്ടില്ല. |
| (എഫ്) | ഫാക്ടിന്റെ വികസന പ്രവർത്തനങ്ങൾ ക്കായി കേന്ദ്ര സർക്കാർ 6779 കോടി രൂപ നൽകുമെന്ന കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം നടപ്പി ലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (എഫ്) | ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ